ഉത്തരം

(എ) ഉണ്ട്.

(ബി) 2001 മേയ് 31-നകം പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതി നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്തു കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ കമ്പി, സിമന്റ് എന്നിവ ഡിപ്പാർട്ടുമെന്റ് വഴി മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനായി 'മലബാർ സിമന്റ്സ്', 'സ്റ്റീൽ കോംപ്ലക്സ്' എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂറായി നൽകിയിട്ടുണ്ട്. കൂടാതെ വൈദ്യുതി നിർമ്മാണത്തിനു വേണ്ടതായ എല്ലാ രൂപരേഖകളും ലഭ്യമാക്കിയിട്ടുണ്ട്.

49 (958) 'കാഡ' പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്കൽ പഞ്ചായത്തിലെ വലിയകുളം പുനരുദ്ധരിക്കാൻ നടപടി

ശ്രീ. എൻ സുന്ദരൻ നാടാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കാഡ' പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്കൽ പഞ്ചായത്തിലെ വലിയകുളം പുനരുദ്ധരിക്കുന്നതിന് ടെണ്ടർ ആയെങ്കിലും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പണികൾ ഇക്കൊല്ലം തന്നെ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചുകഴിഞ്ഞു.

50 (959) ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ മെയിന്റനൻസ് നടക്കാത്തതു കാരണം പല സ്ഥലങ്ങളിലും ജലസേചനം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെയിന്റനൻസ് നടത്തി ജലസേചനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ മെയിന്റനൻസിനുവേണ്ടി എന്ത് തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) കനാലുകളുടെ മെയിന്റനൻസ് നടത്തി എന്നുമുതൽ ജലസേനം കാര്യക്ഷമമായി നടത്തുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂവാറ്റുപുഴ നിയോജമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ മെയിന്റനൻസ് നിലവിലുള്ള ജലസേചന സംവിധാനത്തിന് തടസ്സമുണ്ടാകാത്ത വിധത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) മെയിന്റനൻസ് നടത്തുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) അഞ്ച് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിലായി പതിനൊന്ന് കനാലുകളുടെ മെയിന്റനൻസിനുവേണ്ടി 5,60,900 രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) രണ്ടായിരാമാണ്ട് ഫെബ്രുവരി മാസത്തോടുകൂടി മെയിന്റനൻസ് ചെയ്തുതീർത്ത് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജലസേചനം നടത്തുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

51 (960) **കെ.ഐ.പി.യുടെ വകയാർ-മുറിഞ്ഞകൽ റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി**

ശ്രീ. അടൂർ പ്രകാശ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഐ.പി.യുടെ വകയാർ-മുറിഞ്ഞകൽ റോഡ് 1990-ൽ ഗതാഗത യോഗ്യമല്ലാതായിട്ട് 16-5-1991-ൽ ടെന്റർ ചെയ്തതിൻ പ്രകാരം റോഡ് ഗതാഗതയോഗ്യമാക്കാൻ ഇതുവരെ സാധിക്കാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട റീ-എസ്റ്റിമേറ്റിനു അനുമതി ചോദിച്ച ചീഫ് എഞ്ചിനീയറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടത് എന്നാണെന്നും, ഏതെല്ലാം കാര്യങ്ങൾക്കാണ് വിശദീകരണം ആവശ്യപ്പെട്ടതെന്നും എന്നാണ് ഇതിന് വിശദീകരണം സർക്കാരിന് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിശദീകരണ പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) റോഡ്പണി ആരംഭിക്കാൻ സാധിക്കാത്തതിൽ ഉദ്യോഗസ്ഥ തലത്തിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണന്ന് വ്യക്തമാക്കുമോ;

(ഇ) ഈ റോഡ് അടിയന്തിരമായി ഗതാഗത യോഗ്യമാക്കാനാവശ്യമായ പ്രത്യേകാനുമതി നൽകുമോ:

ഉത്തരം

(എ) 16-5-1991-ൽ പണി ടെന്റർ ചെയ്തുവെങ്കിലും ആവശ്യത്തിന് ടാർ ലഭ്യമല്ലാത്തതിനാൽ പണി നടത്താൻ കഴിയാതിരിക്കുകയും തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ ശേഷിച്ച മെറ്റൽ ഒലിച്ചുപോകുകയും ചെയ്തതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയാലേ പണി നടത്താൻ കഴിയുകയുള്ളു എന്ന അവസ്ഥ ഉണ്ടായി. ഇതിനാലാണ് റോഡ് ഗതാഗത യോഗ്യമാക്കാൻ സാധിക്കാതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly